പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3722 — 15/12/2014 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക മുഖ്യമന്ത്രി നേരിട്ടനുവദിച്ചുകൊണ്ട് ഉത്തരവ് നൽകിയെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ; | (എ), മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സർക്കാർ ആകെ 361,65,64,590/- രൂപ (മുന്നൂറ്റി അറുപത്തൊന്ന് കോടി അറുപത്തഞ്ച് ലക്ഷത്തി അറുപത്തി നാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഇതിൽ 332,38,41,800/- രൂപ (മുന്നൂറ്റി മുപ്പത്തി രണ്ടു കോടി മുപ്പത്തിയെട്ടു ലക്ഷത്തി നാല്പത്തൊയിരത്തി എണ്ണൂറു രൂപ മാത്രം) ജില്ലാ കളക്ടർമാർക്കായി അനുവദിച്ചതാണ്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം - എ** ആയി ഉൾപ്പെടുത്തിയിരിക്കുന്നു. മുഖ്യമന്ത്രി നേരിട്ട് അനുവദിച്ചുകൊണ്ട് ഉത്തരവ് നൽകിയ തുകയുടെ വിവരം വേർതിരിച്ച് സൂക്ഷിച്ചിട്ടില്ല. |

(ബി) മുഖ്യമന്ത്രി അനുവദിച്ച തുകയിൽ എത്ര തുക ഇതിനകം അപേക്ഷകർക്ക് ലഭ്യമാക്കിയെന്ന് വെളിപ്പെടുത്താമോ;

(ബി) അറിയിപ്പു നൽകിയിട്ടും ഹാജരാകുകയോ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുകയോ ചെയ്യാത്ത ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള തുകയൊഴികെ ബാക്കിയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്.

(സി) മുഖ്യമന്ത്രി അനുവദിച്ച തുകയിൽ 80% തുകയും ഇനിയും വിതരണം ചെയ്തിട്ടില്ല എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

സെക്ഷൻ ഓഫീസർ.

**അനുബന്ധം - ബി**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഈ സർക്കാർ അനുവദിച്ച തുകയുടെ വിവരം

(18.5.2011 മുതൽ 25.11.2014 വരെ)

| ക്രമ. നം | ജില്ല | അനുവദിച്ച തുക |
|---|---|---|
| 1 | തിരുവനന്തപുരം | 35,74,30,000 |
| 2 | കൊല്ലം | 26,30,00,000 |
| 3 | പത്തനംതിട്ട | 15,91,05,000 |
| 4 | ആലപ്പുഴ | 30,86,00,000 |
| 5 | കോട്ടയം | 28,30,00,000 |
| 6 | ഇടുക്കി | 19,86,35,800 |
| 7 | എറണാകുളം | 30,10,00,000 |
| 8 | തൃശ്ശൂർ | 24,12,00,000 |
| 9 | പാലക്കാട് | 17,20,41,000 |
| 10 | മലപ്പുറം | 34,54,00,000 |
| 11 | കോഴിക്കോട് | 14,85,00,000 |
| 12 | കണ്ണൂർ | 22,62,50,000 |
| 13 | വയനാട് | 11,42,00,000 |
| 14 | കാസർഗോഡ് | 20,54,80,000 |
| | ആകെ | **332,38,41,800** |
| | മറ്റുള്ളവർ | 29,27,22,790 |
| | **ആകെ** | **361,65,64,590** |

സെക്ഷൻ ഓഫീസർ